ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭരണഘടനാ ദിനം ആഘോഷിച്ച് രാജ്യം. 2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ ഭരണഘടനാ ആദർശങ്ങൾ ഉൾക്കൊണ്ട് തന്നെ മൗലിക കർത്തവ്യങ്ങൾ നിറവേറ്റണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **The country celebrates Constitution Day. President Draupadi Murmu has said that the fundamental duties should be fulfilled by incorporating the constitutional ideals to achieve the goal of a developed India by 2047.**

2. രാജ്യത്ത് നിയമപരിഷ്കരണത്തിലൂടെ ജനങ്ങൾക്ക് അതിവേഗ നീതി ഉറപ്പുവരുത്താൻ കേന്ദ്രസർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the central government is taking urgent steps to ensure speedy justice to the people through legal reforms in the country.**

3. പൊതു സേവന വിതരണം മെച്ചപ്പെടുത്താൻ സർക്കാർ ജിയോസ്പേഷ്യൽ ഡാറ്റ പ്രയോജനപ്പെടുത്തുന്നതായി കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്.

   **Union Minister Dr. Jitendra Singh said that the government is utilizing geospatial data to improve public service distribution.**

4. ഭാഷയ്ക്കും സാഹിത്യത്തിനുമായി മ്യൂസിയം എന്ന നൂതന ആശയത്തിൻറെ സാക്ഷാത്കരമാണ് കോട്ടയത്തെ അക്ഷരം സാംസ്കാരിക മ്യൂസിയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan said that the Aksharam Cultural Museum in Kottayam is a realization of the innovative concept of a museum for language and literature.**

5. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി -പഞ്ചാബ് എഫ്സി മത്സരം.

   **Mumbai City-Punjab FC match in ISL football today.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## REV. PREZ CONSTITUTION DAY (INTRO)

2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ ഭരണഘടനാ ആദർശങ്ങൾ ഉൾക്കൊണ്ട് തന്നെ മൗലിക കർത്തവ്യങ്ങൾ നിറവേറ്റണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഭരണഘടനാ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ സംവിധാൻ ഭവനിൽ നടന്ന ആഘോഷച്ചടങ്ങിൽ പാർലമെൻറ് അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി മുർമു.

(ഹോൾഡ്)

രാജ്യത്ത് സാമൂഹ്യനീതിയും, സമഗ്ര വികസനവും ഉറപ്പുവരുത്തുന്ന ഇന്ത്യൻ ഭരണഘടന വിശുദ്ധ ഗ്രന്ഥമാണെന്നും ശ്രീമതി മുർമു പറഞ്ഞു. എക്സിക്യൂട്ടീവ്, ലെജിസ്ലേറ്റീവ്, ജുഡീഷ്യറി എന്നിവ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിൻറെ ആവശ്യകതയും രാഷ്ട്രപതി വ്യക്തമാക്കി. ഭരണഘടന ദിനാഘോഷത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള അനുസ്മരണ സ്റ്റാമ്പും നാണയവും രാഷ്ട്രപതി ചടങ്ങിൽ പുറത്തിറക്കി. ഭരണഘടന അംഗീകരിച്ചതിന്റെ 75 -ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്കാണ് കേന്ദ്ര സർക്കാർ ഇന്ന് തുടക്കം കുറിച്ചത്.

&&&&&&&&&&&&&&&&&&

## GOVT – DISASTER FUND

ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി കേരളമുൾപ്പെടെ 15 സംസ്ഥാനങ്ങൾക്ക് 1,115 കോടി രൂപ അനുവദിച്ച് കേന്ദ്രസർക്കാർ. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിലുള്ള ഉന്നതതല സമിതിയുടേതാണ് തീരുമാനം. കേരളത്തിന് 72 കോടി രൂപയാണ് അനുവദിച്ചത്. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും 115 കോടിയിലധികം രൂപ ചെലവിൽ സിവിൽ ഡിഫൻസ് പരിശീലനത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള മറ്റൊരു പദ്ധതിക്കും ഉന്നതതല സമിതി അംഗീകാരം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## SC EVM

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾക്ക് പകരം ബാലറ്റ് പേപ്പർ സംവിധാനം തിരികെ കൊണ്ടുവരാൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് നിർദേശിക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപ്പര്യ ഹർജി സുപ്രീം കോടതി തള്ളി. ഇ വി എമ്മുകളിൽ കൃത്രിമത്വം ആരോപിച്ച് ബാലറ്റ് സംവിധാനത്തിലേക്ക് മടങ്ങാനുള്ള ഹർജി ജസ്റ്റിസുമാരായ വിക്രംനാഥ്, പി.ബി. വരാലെ എന്നിവരാണ് തള്ളിയത്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## PM-CONSTITUTION DAY (INTRO)

നിയമപരിഷ്ക്കരണത്തിലൂടെ ജനങ്ങൾക്ക് അതിവേഗ നീതി ഉറപ്പുവരുത്താൻ കേന്ദ്രസർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഭരണഘടനാ ദിനാഘോഷത്തോടനുബന്ധിച്ച് സുപ്രീം കോടതിയിൽ നടന്ന പരിപാടിയെ  അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിൻ്റെ എല്ലാ സ്വപ്നങ്ങളും സാക്ഷാത്കരിക്കുന്ന നമ്മുടെ ഭരണഘടന, പൗരന്മാർക്ക് വഴികാട്ടിയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിൻറെ വർത്തമാനകാലത്തേക്കും, ഭാവിയിലേക്കുമുള്ള മാർഗ്ഗരേഖയാണ് ഭരണഘടനയെന്നും ശ്രീ മോദി ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

ഇന്ത്യൻ ജുഡീഷ്യറിയുടെ 2023-24 വാർഷിക റിപ്പോർട്ടും പ്രധാനമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു. കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ, ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, സുപ്രീം കോടതിയിലെ മറ്റ് ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി.

&&&&&&&&&&&&&&&&&&

## PARLIAMENT OUTSIDE

ഇന്ത്യൻ ഭരണഘടനയുടെ 75-ാം വാർഷികാഘോഷവേളയിൽ പാർലമെൻ്റിൻ്റെ ഇരുസഭകളിലും പ്രത്യേക ചർച്ച ആവശ്യപ്പെട്ട് കോൺഗ്രസ്. ഭരണഘടനയെയും അതിന്റെ പ്രാധാന്യത്തെയും കുറിച്ച് ദ്വിദിന ചർച്ച നടത്തണമെന്ന് രാജ്യസഭാ അധ്യക്ഷനോട് അഭ്യർത്ഥിച്ചതായി കോൺഗ്രസ്

അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. പാർലമെന്റിനു പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. എന്നാൽ ജനങ്ങൾ തള്ളിക്കളഞ്ഞ പാർട്ടികൾ 'ഭരണഘടന അപകടത്തിലാണ്' എന്ന തെറ്റായ ആഖ്യാനം സൃഷ്ടിക്കാൻ ശ്രമിക്കുകയാണെന്ന് മുതിർന്ന ബിജെപി നേതാവ് രവിശങ്കർ പ്രസാദ് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

**REV. EC-RS BYPOLL**

ആറ് രാജ്യസഭാ സീറ്റുകളിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ. ആന്ധ്രാപ്രദേശിലെ മൂന്ന് സീറ്റുകളിലേക്കും, ഒഡീഷ, പശ്ചിമ ബംഗാൾ, ഹരിയാന എന്നിവിടങ്ങളിലെ ഓരോ സീറ്റിലേക്കുമാണ് തെരഞ്ഞെടുപ്പ്. വിജ്ഞാപനം അടുത്തമാസം 3 ന് പുറത്തിറക്കും. 10 ാം തീയതി വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. അടുത്തമാസം 20 ന് വോട്ടെടുപ്പും വോട്ടെണ്ണലും നടക്കും. രാജ്യസഭാ അംഗങ്ങളുടെ രാജിയെ തുടർന്നാണ് തെരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&&&

**INDIA-BANGLADESH MINORITY**

ഹിന്ദുക്കളുടെയും ന്യൂനപക്ഷങ്ങളുടെയും സുരക്ഷ ഉറപ്പാക്കാൻ ബംഗ്ലാദേശ് അധികാരികളോട് ഇന്ത്യയുടെ അഭ്യർഥന. സമാധാനപരമായ ഒത്തുചേരൽ, അഭിപ്രായ സ്വാതന്ത്ര്യം എന്നിവ ഉൾപ്പെടെയുള്ള ആവശ്യങ്ങളാണ് ഇന്ത്യ ബംഗ്ലാദേശിനോട് മുന്നോട്ട് വെച്ചത്. ബംഗ്ലാദേശിൽ അറസ്റ്റിലായ ഹിന്ദു പുരോഹിതൻ ചിൻമോയ് കൃഷ്ണദാസിൻ്റെ ജാമ്യം നിഷേധിച്ചതിൽ ആശങ്ക രേഖപ്പെടുത്തുന്നതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

**HEAD LINE – 5**

**ISL**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി - പഞ്ചാബ് എഫ്സി മത്സരം. മുംബൈ ഫുട്ബോൾ അറീനയിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## PRESIDENT VISIT - TAMILNADU

രാഷ്ട്രപതി ദ്രൗപദി മുർമു നാല് ദിവസത്തെ സന്ദർശനത്തിനായി നാളെ തമിഴ്നാട്ടിലെത്തും. ഊട്ടിയിലെ വെല്ലിംഗ്ടൺ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിൽ മറ്റന്നാൾ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. നീലഗിരിയിൽ ഗോത്രവർഗ വിഭാഗങ്ങളുമായി വെള്ളിയാഴ്ച ശ്രീമതി മുർമു സംവദിക്കും. തിരുവാരൂരിലെ തമിഴ്നാട് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിനെ ശനിയാഴ്ച രാഷ്ട്രപതി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## INDIA - GEOSPATIAL CONFERENCE (INTRO)

പൊതു സേവന വിതരണം മെച്ചപ്പെടുത്താൻ സർക്കാർ ജിയോസ്പേഷ്യൽ ഡാറ്റ പ്രയോജനപ്പെടുത്തുന്നതായി കേന്ദ്ര മന്ത്രി ഡോ ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഐക്യരാഷ്ട്രസഭയുടെ 13-ാമത് ഗ്ലോബൽ ജിയോസ്പേഷ്യൽ ഇൻഫർമേഷൻ മാനേജ്മെൻ്റ്, ഏഷ്യ-പസഫിക് പ്ലീനറി, റീജിയണൽ കോൺഫറൻസിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

ചതുർദിന സമ്മേളനത്തിൽ 30 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## CM - AKSHARAM MUSUEM

ഭാഷയ്ക്കും സാഹിത്യത്തിനുമായി മ്യൂസിയം എന്ന നൂതന ആശയത്തിൻ്റെ സാക്ഷാത്കാരമാണ് കോട്ടയത്തെ അക്ഷരം സാംസ്കാരിക മ്യൂസിയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സഹകരണ വകുപ്പ് നിർമിച്ച ഇന്ത്യയിലെ ആദ്യത്തെ ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയമായ 'അക്ഷരം' കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയായായിരുന്നു മുഖ്യമന്ത്രി. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൻ്റെ

കോട്ടയം നാട്ടകത്തെ സ്ഥലത്താണ് മ്യൂസിയം ഒരുക്കിയിരിക്കുന്നത്. സഹകരണ വകുപ്പും എസ് പി സി എസും ചേർന്ന് ഏർപ്പെടുത്തിയ അക്ഷര പുരസ്കാരം ചടങ്ങിൽ പ്രശസ്ത സാഹിത്യകാരൻ എം മുകുന്ദന് മുഖ്യമന്ത്രി സമ്മാനിച്ചു.

&&&&&&&&&&&&&&&&&&

## REV. NIA-MANIPUR

മണിപ്പൂരിൽ അടുത്തിടെ നടന്ന അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന കേസുകളിൽ സമഗ്രമായ അന്വേഷണം ആരംഭിച്ച് ദേശീയ അന്വേഷണ ഏജൻസി. ഭാരതീയ ന്യായ് സൻഹിത, ആയുധ നിയമം, യു എ പി എ എന്നിവയുടെ പ്രസക്തമായ വകുപ്പുകൾ പ്രകാരം ഈ മാസം 13 ന് കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

## NATTIKA

തൃശൂർ നാട്ടികയിൽ ലോറി പാഞ്ഞുകയറി 5 പേർ മരിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഗതാഗത മന്ത്രി കെ.ബി ഗണേഷ്കുമാർ. ഗതാഗത കമീഷണറുടെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോറി ഡ്രൈവറുടെ ലൈസൻസും വാഹനത്തിന്റെ രജിസ്ട്രേഷനും പെർമിറ്റും റദ്ദാക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അപകടത്തിൽ മരണമടഞ്ഞവരുടെ മൃതദേഹങ്ങൾ പോസ്റ്റ് മോർട്ടം നടപടി പൂർത്തിയാക്കി നാട്ടിലെത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സംസ്ഥാന സർക്കാർ ഒരുക്കിയതായി മന്ത്രി എം.ബി രാജേഷ് അറിയിച്ചു. സംസ്കാര ചടങ്ങുകളുടെ ചെലവും സർക്കാർ വഹിക്കും.

&&&&&&&&&&&&&&&&&&

## GLOBAL MEDIA CONGRESS

അന്താരാഷ്ട്ര മാധ്യമ പ്രവർത്തകരേയും വിദഗ്ധരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള മൂന്നാമത് ഗ്ലോബൽ മീഡിയ കോൺഗ്രസിന് അബുദാബിയിൽ തുടക്കമായി.യു എ ഇ ഭരണകൂടത്തിൻറെ ഔദ്യോഗിക വാർത്താ ഏജൻസിയായ

എമിറേറ്റ്സ് ന്യൂസ് ഏജൻസിയുടെ പങ്കാളിത്തത്തോടെ ADNEC ഗ്രൂപ്പാണ് ത്രിദിന പരിപാടി സംഘടിപ്പിക്കുന്നത്. "ഭാവി മാധ്യമങ്ങളെ രൂപപ്പെടുത്തുക" എന്നതാണ് സമ്മേളനത്തിൻറെ പ്രമേയം.

&&&&&&&&&&&&&&&&&&

## KANNUR ADM NAVEEN BABU

കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിൻറെ മരണത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് നവീൻ ബാബുവിന്റെ ഭാര്യ ഹൈക്കോടതിയിൽ ഹർജി നൽകി. പൊലീസ് അന്വേഷണം തൃപ്തികരമല്ലെന്ന് കുടുംബം ഹർജിയിൽ ആരോപിക്കുന്നു. ആത്മഹത്യ എന്ന പൊലീസ് നിഗമനം മുഖവിലക്കെടുക്കാൻ ആകില്ലെന്നും കൊലപാതകം ആണോയെന്ന് സംശയമുണ്ടെന്നും ഹർജിയിൽ പറയുന്നുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&